പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1101

29.09.2011 - ൽ മറുപടിക്ക്

## തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോഴിക്കോട് ബൈപ്പാസുകളുടേയും വണ്ടിപ്പെരിയാർ ദേശീയ പാതയുടെയും നിർമ്മാണ പ്രവർത്തനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കോലിയക്കോട് എൻ.കൃഷ്ണൻ നായർ | | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് (മരാമത്ത് വകുപ്പുമന്ത്രി) | |
| (എ) | തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോഴിക്കോട് ബൈപ്പാസുകളുടേയും വണ്ടിപ്പെരിയാർ ദേശീയ പാതയുടെയും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; | (എ) | തിരുവനന്തപുരം ഡിവിഷന്റെ കീഴിൽ തിരുവനന്തപുരം നെയ്യാറ്റിൻകര കമ്പൈൻഡ് ബൈപ്പാസ് പണി ആരംഭിക്കുകയും ഭാഗീകമായി പണി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. കൊല്ലം, ആലപ്പുഴ, ബൈപ്പാസു കളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. കോഴിക്കോട് ബൈപ്പാസ് പുളാടിക്കുന്ന് മുതൽ മലാപ്പറമ്പ് വരെയുള്ള രണ്ടാംഘട്ടത്തിന്റെ ഒന്നാം റീച്ച് പ്രവർത്തനം 2009 മേയ് മാസം മുതൽ ആരംഭിച്ചു. ദേശീയപാത 220 -ലെ വണ്ടിപ്പെരിയാർ ഭാഗത്ത് അറ്റകുറ്റപ്പണികൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇവയുടെ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; | (ബി) | തിരുവനന്തപുരം നെയ്യാറ്റിൻകര ബൈപ്പാസിന്റെ പണി കോവളം വരെ പൂർത്തിയാക്കി ഗതാഗതത്തിന് തുറന്ന് കൊടുത്തിട്ടുണ്ട്. കാഞ്ഞിരംകുളം വരെ |

സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ നിർദ്ദേശപ്രകാരം ബാക്കി ജോലികൾ ഇപ്പോൾ നാഷണൽ ഹൈവേ അതോറിറ്റിയുടെ കീഴിലാണ് നടന്നു വരുന്നത്. പുനരധിവാസ പാക്കേജ് സർക്കാരിന്റെ പരിഗണനയിലാണ്. ആയത് അംഗീകരിച്ചതിനുശേഷമേ നിർമ്മാണ പ്രവർത്തനം പുനരാരംഭിക്കാൻ സാധിക്കുകയുള്ളൂ. കൊല്ലം, ആലപ്പുഴ, ബൈപ്പാസുകളുടെ നിർമ്മാണ പ്രവർത്തനത്തിന്റെ ഭാഗമായുള്ള പ്രാരംഭ പ്രവർത്തനങ്ങൾക്ക് കേന്ദ്ര സർക്കാരിന്റെ വാർഷിക പദ്ധതി 2011 – 12 -ൽ രണ്ട് കോടി രൂപ അനുവദിച്ചിട്ടുണ്ട്. ടി ജോലികളുടെ ടെണ്ടർ നടപടികൾക്കായുള്ള പ്രവർത്തനങ്ങൾ കൺസൾട്ടൻസി കമ്പനിയായ ICT, New Delhi ചെയ്തുവരുന്നു. കോഴിക്കോട് ബൈപ്പാസിന്റെ രണ്ടാം ഘട്ടത്തിന്റെ പ്രവർത്തനം ഇപ്പോൾ അന്തിമഘട്ടത്തിലാണ്. വണ്ടിപ്പെരിയാർ ഭാഗത്തെ ദേശീയപാതയുടെ അറ്റകുറ്റപ്പണികൾക്കായുള്ള Materials Supply പുരോഗമിക്കുന്നു.

(സി) നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്?

(സി) പുനരധിവാസ പാക്കേജ് സർക്കാരിന്റെ പരിഗണനയിലാണ്. ആയത് അംഗീകരിച്ചതിനുശേഷമേ തിരുവനന്തപുരം - നെയ്യാറ്റിൻകര ബൈപ്പാസിന്റെ നിർമ്മാണ പ്രവർത്തനം പുനരാരംഭിക്കാൻ സാധിക്കുകയുള്ളൂ. കൊല്ലം, ആലപ്പുഴ, ബൈപ്പാസുകളുടെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടില്ല. കോഴിക്കോട് ബൈപ്പാസിന്റെ രണ്ടാം ഘട്ടത്തിന്റെ നിർമ്മാണം 2011 നവംബർ മാസത്തോടുകൂടി പൂർത്തീകരിക്കുന്നതാണ്. കൂടാതെ കേന്ദ്രഉപരിതലഗതാഗത വകുപ്പ് മന്ത്രാലയം

എസ്റ്റിമേറ്റ് അംഗീകരിക്കുന്ന മുറയ്ക്ക് പുളാടിക്കുന്ന് മുതൽ വേങ്ങളം വരെയുള്ള രണ്ടാം റീച്ച് പ്രവർത്തനം തുടങ്ങുന്നതാണ്. ആകെ നാലു ഘട്ടങ്ങളിലായുള്ള ഇതിന്റെ പ്രവൃത്തിയിൽ ഒന്നും, മൂന്നും, നാലും ഘട്ടങ്ങൾ (ഇടിമുഴക്കൽ മുതൽ മലാപ്പറമ്പ് വരെ) നേരത്തെ പൂർത്തീകരിച്ചു കഴിഞ്ഞതാണ്. ദേശീയപാത 220 -ൽ വണ്ടിപ്പെരിയാർ ദേശീയപാതയിലെ അറ്റകുറ്റപ്പണികൾ നല്ല കാലാവസ്ഥ ലഭിക്കുന്നതനുസരിച്ച് രണ്ട് ആഴ്ചയ്ക്കകം പൂർത്തിയാക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**